**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2048** **05-02-2026 - ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേനയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാർക്ക് ഇരുപത് ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 28.02.2011 തീയതിയിലെ സ.ഉ.(അ) നം.65/2011/പൊഭവ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ ആകെ കേഡർ സ്ട്രെങ്ത്തിന്റെ ഇരുപത് ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് വേണ്ട എല്ലാ യോഗ്യതയും ഉണ്ടായിട്ടും എണ്ണത്തിൽ കൂടുതൽ ഉള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നാല് ശതമാനം മാത്രമാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പരിശോധിച്ച് വരുന്നു. |
| (സി) | കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിന്നും തസ്തികമാറ്റം മുഖേന സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് 2010 ന് ശേഷം നിയമനം ലഭിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ; | (സി) | 229 പേർക്ക് തസ്തികമാറ്റ നിയമനം നൽകിയിട്ടുണ്ട്. |
| (ഡി) | താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്ന് തസ്തിക മാറ്റം മുഖേന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് 2010 ന് ശേഷം നിയമനം ലഭിച്ചവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | 53 പേർക്ക് തസ്തിക മാറ്റ നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ